നവകേരളം കർമപദ്ധതി
നവകേരളം വാർത്ത
2025 ജൂൺ വാല്യം 1
ന്യൂസ് ലെറ്റർ
ഓൺലൈൻ
53

# സുസ്ഥിര, പ്രകൃതി സൗഹൃദ വികസനം സംസ്ഥാനത്തിന്റെ നയം: മുഖ്യമന്ത്രി പിണറായി വിജയൻ

സുസ്ഥിര, പ്രകൃതി സൗഹൃദ വികസനമാണ് സംസ്ഥാനത്തിന്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2021 മുതൽ ഒരു പതിറ്റാണ്ട്, പരിസ്ഥിതി പുനസ്ഥാപനം എന്ന പ്രമേയത്തിലാണ് യു.എൻ.ഡി.പി. ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക എന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഒരു വർഷം 400 മില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യം ലോകത്താകമാനം പുറന്തള്ളുമ്പോൾ 10 ശതമാനം മാത്രമാണ് പുനരുപയോഗിക്കുന്നത്. ഇതിൽ 11 മില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യവും ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. 700 ലധികം ജലജന്യ വർഗങ്ങളുടെ നാശത്തിന് ഇത് കാരണമാകുന്നു. വലിയ ആഘാതം സൃഷ്ടിക്കുന്ന മലിനീകരണം തടയുന്ന നടപടികളുമായി ലോകം മുന്നോട്ട് പോവുകയാണ്. പ്ലാസ്റ്റിക് ലഘൂകരണ ജീവിത ശൈലിക്ക് രൂപം കൊടുക്കുക എന്നതിന് സംസ്ഥാന സർക്കാർ പ്രധാന പരിഗണന നൽകുന്നു. സംസ്ഥാനതല പരിസ്ഥിതി ദിന ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



പരിസ്ഥിതി ദിനത്തിൽ ലോകത്താകമാനമുണ്ടാകുന്ന ചർച്ചകൾക്ക് തുടർച്ചയുണ്ടാകാതെ പോകുന്ന സാഹചര്യം ഇല്ലാതാക്കണം എന്നതാണ് സർക്കാർ നിലപാട്. അതുകൊണ്ടാണ് പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ സംസ്കരണത്തിനും ഈ സർക്കാർ ഇത്ര പരിഗണന നൽകുന്നത്. വികസനമെന്നത് സുസ്ഥിരവും പാരിസ്ഥിതിക സൗഹൃദവുമാകണമെന്ന നയത്തിലധിഷ്ഠിതമാണ്. പുനരുപയോഗിക്കാവുന്ന ഊർജ സ്രോതസുകൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ വ്യാപനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്.

2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യത്തിലേക്കുള്ള നടപടികളുമായി കേരളം മുന്നോട്ട് പോകുന്നു. 2016-ൽ ഹരിതകേരളം മിഷന് രൂപം നൽകിയത് പാരിസ്ഥിതിക രംഗത്തെ സുസ്ഥിര ഇടപെടലിന് വേണ്ടിയാണ്. മിഷന്റെ നേതൃത്വത്തിൽ നിരവധി നദികളും നീർച്ചാലുകളും വീണ്ടെടുക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇനി ഞാൻ ഒഴുകട്ടെ ജനകീയ ക്യാമ്പയിൻ പ്രകടമായ ഗുണഫലം കേരള സമൂഹത്തിലുണ്ടാക്കി. മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ മേഖലകൾ തിരിച്ചറിയുന്നതിനായുള്ള നീർച്ചാൽ മാപിംഗ്, ആഗോളതാപനത്തിനെതിരായി വിവിധ സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഹരിത കർമസേനയുടെ സേവനം വ്യാപകമാക്കിയും എൻഫോഴ്സ്മെന്റ് ശക്തമാക്കിയും മാലിന്യമുക്ത കേരളത്തിനായി ഊർജിത പ്രവർത്തനങ്ങൾ തുടരുകയാണ്. ഒരു തൈ നടാം പദ്ധതിയിലൂടെ ഒരു കോടി വൃക്ഷത്തൈകൾ സംസ്ഥാന വ്യാപകമായി നടുന്ന പ്രവർത്തനങ്ങളിൽ മുഴുവൻ പൊതു സമൂഹത്തെ അണിനിരത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## പൂവച്ചലിൽ ലൈഫ് മിഷൻ ഭവന സമുച്ചയം: ശിലാസ്ഥാപനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു



ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 112 ഭൂരഹിത-ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന്റെ ശിലാസ്ഥാപനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. പന്നിയോട് സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ 2.75 ഏക്കർ ഭൂമിയിൽ 24.99 കോടി രൂപ ചെലവിൽ നിർമിക്കുന്ന ഈ ഭവന സമുച്ചയം ഭൂരഹിതർക്ക് സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള സുപ്രധാന ചുവടുവയ്പ്പാണ്. ഇന്ത്യയിൽ ഭവന നിർമ്മാണത്തിന് ഏറ്റവുമുയർന്ന തുക ലഭ്യമാക്കുന്നത് കേരളത്തിലാണെന്ന് മന്ത്രി പറഞ്ഞു. അഡ്വ. ജി. സ്റ്റീഫൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പൂവച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. സനൽകുമാർ സ്വാഗതം ആശംസിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജി പദ്ധതി അവതരണം നടത്തി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




ഉത്സവാന്തരീക്ഷത്തിൽ സ്കൂളുകളിൽ പ്രവേശനോത്സവം വാർത്ത പേജ് 2 ൽ

# എഡിറ്റോറിയൽ

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കിയത്. ശുചിത്വം, മാലിന്യ സംസ്കരണം, ഹരിതചട്ട പാലനം തുടങ്ങിയ വിഷയങ്ങളിൽ വർദ്ധിച്ചു വരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി നിരവധി ടൗണുകൾ, പൊതുസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവ ഹരിത പദവിയിലെത്തി. ഇതുസംബന്ധിച്ച പ്രഖ്യാപനങ്ങളും നടന്നു. ഗാർഹിക-സ്ഥാപന തലങ്ങളിലും പൊതുയിടങ്ങളിലും വൻതോതിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താനും സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങളിലെല്ലാം നേതൃപരമായ പങ്കുവഹിച്ചതും ശ്രദ്ധേയം.

ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ച നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തേണ്ടത് നാമേവരുടേയും കടമയാണ്. നിരന്തര നിരീക്ഷണം, വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പരിഹാര നടപടികൾ, ശരിയായ ഇടവേളകളിലുള്ള ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടിയേ തീരൂ. ഇതോടൊപ്പം കൂടുതൽ മേഖലകളിലേക്ക് മാലിന്യ മുക്തം നവകേരളം പ്രവർത്തനങ്ങളും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളും വ്യാപിപ്പിക്കുവാൻ ഹരിതകേരളം മിഷൻ മുന്നിട്ടിറങ്ങുകയാണ്. 2025 ജൂൺ 17-ാം തീയതി WP(C) No. 7844/2023 നമ്പർ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി സംസ്ഥാനത്തെ പരിസ്ഥിതിയെ ബാധിക്കുന്ന വിവിധയിനം പ്ലാസ്റ്റിക്കുകൾ നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 2025 ഒക്ടോബർ 02 മുതൽ പ്രാബല്യത്തിൽ വരും വിധമാണ് ഇത് നടപ്പാകുന്നത്. ഇതിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യമൊരുക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിലും ഹരിതകേരളം മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതാണ് ബഹു. ഹൈക്കോടതി വിധി.

ഭൂമിയിൽ നമുക്ക് പ്രാണവായു പ്രദാനം ചെയ്യുന്ന നൈസർഗ്ഗിക പ്രകൃതിയെ അതിന്റെ സ്വാഭാവികാവസ്ഥയിൽ നിലനിർത്താനും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇണക്കം കൂടുതൽ വിളക്കിച്ചേർക്കാനുമുള്ള പ്രവർത്തനങ്ങളാണ് നമുക്ക് വേണ്ടത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങളിലൂടെ ഹരിതകേരളം മിഷൻ ലക്ഷ്യം വയ്ക്കുന്നതും ഇതുതന്നെയാണ്.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉത്സവാന്തരീക്ഷത്തിൽ സ്കൂളുകളിൽ പ്രവേശനോത്സവം

40 ലക്ഷത്തോളം കുട്ടികൾ ജൂൺ രണ്ടാം തീയതി സ്കൂളിലേക്ക് പ്രവേശിച്ചപ്പോൾ അതിൽ ആദ്യമായി ഒന്നാം ക്ലാസിലേക്ക് എത്തിയത് മൂന്നു ലക്ഷത്തോളം കുരുന്നുകളാണ്. വിദ്യാലയ പരിസരങ്ങൾ ശുചിത്വമുള്ളതാക്കിയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയും സ്കൂൾ അധികൃതരും പിടിഎയും നാട്ടുകാരും കുട്ടികളെ വരവേൽക്കാൻ തയ്യാറായിരുന്നു.



സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ആലപ്പുഴ ജില്ലയിലെ കലവൂർ ഹയർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പരസ്പര സ്നേഹം, കരുതൽ എന്നിവ ഉണ്ടാവുകയും നല്ല രീതിയിൽ അത് വളർത്തുകയും ചെയ്യാൻ വിദ്യാഭ്യാസം കാരണമാവണം. ലോകത്തിന്റെ പുരോഗതിക്കെല്ലാം കാരണമായ അറിവ് നേടുക എന്നത് തന്നെയാണ് വിദ്യാഭ്യാസത്തിന്റെ പരമോന്നതമായ ലക്ഷ്യം. വിവേകത്തോടെയുള്ള തിരിച്ചറിവും വിദ്യാഭ്യാസത്തിലൂടെ സ്വായത്തമാക്കണം. അതിനുള്ള ഇടങ്ങളായി വിദ്യാലയങ്ങൾ മാറണമെന്ന് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അധ്യയന വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഒന്ന് മുതൽ ഒമ്പത് വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും പ്രിന്റ് ചെയ്തു കുട്ടികൾക്ക് വിതരണം ചെയ്തു. മൂന്ന് കോടി പുസ്തകങ്ങളാണ് ഈ അധ്യയന വർഷത്തിൽ വിതരണം ചെയ്തത്. ഇത് ചരിത്രത്തിൽ ആദ്യമായിട്ടാണ് നടക്കുന്നതെന്നും വിദ്യാഭ്യാസവകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനപ്രതിനിധികളും വിദ്യാഭ്യാസ പ്രവർത്തകരും അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും സജീവമായി പങ്കെടുത്തു കൊണ്ട് പ്രവേശനോത്സവങ്ങൾ ഗംഭീരമായി നടന്നു.

# സർക്കാർ ആശുപത്രികളിൽ കാത്ത് ലാബുകൾ

ആർദ്രം മിഷനിലൂടെ ഓരോ ജില്ലയിലും ജില്ലാ ആശുപത്രിയിൽ കാത്ത് ലാബുകൾ സാധ്യമാക്കുന്നത് ഹൃദ്രോഗ ചികിത്സാ രംഗത്ത് കാതലായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഹൃദയാഘാതം മൂലം അത്യാസന്ന നിലയിൽ ആശുപത്രിയിലെത്തുന്നവരിൽ സംഭവിക്കുന്ന മരണം ഇതിലൂടെ 30 ശതമാനത്തിൽ നിന്നും ഇപ്പോൾ 6 ശതമാനമായി കുറയ്ക്കാനായി. സർക്കാർ ആശുപത്രികളിൽ ചികിത്സ സൗജന്യമായി (ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തവർക്ക് മിതമായ നിരക്കിൽ) ലഭ്യമാക്കുന്നത് മൂലം ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കാനും സർക്കാരിനു കഴിഞ്ഞു. ഇടുക്കി ജില്ലയിലും ഈ വർഷം കാത്ത് ലാബ് സ്ഥാപിക്കുന്നതോടെ 14 ജില്ലകളിലും കാത്ത് ലാബ് എന്ന



ലക്ഷ്യം യാഥാർഥ്യമാകും. വയനാടും കാസർഗോഡും ഹൃദ്രോഗ ചികിത്സക്ക് കാത്ത് ലാബുകൾ സ്ഥാപിച്ചത് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയിൽ ഈ രണ്ടു ജില്ലകളിലെയും പ്രധാന ചുവടുവെയ്പ്പാണ്. നിയമസഭാ ചോദ്യത്തിനു മറുപടിയായി മന്ത്രി വീണാ ജോർജ് വ്യക്തമാക്കിയതാണ് ഇക്കാര്യം.

# പൊതുവിദ്യാഭ്യാസ മേഖല സാമൂഹിക പുരോഗതിയുടെ അടിത്തറ : മന്ത്രി വി. ശിവൻകുട്ടി

പൊതുവിദ്യാഭ്യാസ മേഖല കേരളത്തിലെ സാമൂഹിക പുരോഗതിയുടെ അടിത്തറയാണെന്ന് മന്ത്രി വി. ശിവൻകുട്ടി. നമ്മുടെ ഭാവി ഭദ്രമാക്കാൻ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതാണ് നമ്മുടെ പ്രതിബദ്ധത എന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം കിളിമാനൂർ ഗവ. ടൗൺ യു.പി. എസിലെ ബഹുനിലമന്ദിരത്തിന്റെ ശിലാ സ്ഥാപനം, നവീകരിച്ച സ്കൂൾ അങ്കണം, പ്രവേശന കവാടം, ചുറ്റുമതിൽ എന്നിവ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ കെട്ടിടം സ്കൂളിന്റെ ഭൗതികസൗകര്യങ്ങളിൽ പുതിയ അധ്യായം തുറക്കുകയാണ്. കൂടുതൽ വിദ്യാർഥികൾക്ക് മനോഹരമായ പഠനാന്തരീക്ഷം ഉറപ്പാക്കാൻ ഇത് സഹായിക്കും. വിദ്യാഭ്യാസത്തെ കേവലം ജ്ഞാനത്തിന്റെ ഇടം എന്നതിൽ നിന്ന് സമൂഹത്തെ മാറ്റിനിർമിക്കുന്ന ശക്തിയായി കാണുന്ന ഒരു ഭാവിയാണ് നമ്മൾ കൈവരിക്കാൻ ശ്രമിക്കുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കിളിമാനൂർ ഗവ. ടൗൺ യു.പി.എസിന് കിഫ്ബി മുഖാന്തിരം പൊതുവിദ്യാഭ്യാസ വകുപ്പ് 1 കോടി 30 ലക്ഷം രൂപ വിനിയോഗിച്ചാണ് പുതിയ ബഹുനില മന്ദിരം നിർമിക്കുന്നത്. പൊതുമരാമത്ത് കെട്ടിടവിഭാഗം 20 ലക്ഷം



രൂപ ചിലവഴിച്ചാണ് സ്കൂൾ അങ്കണം, ചുറ്റുമതിൽ, പ്രവേശന കവാടം എന്നിവ നവീകരിച്ചത്.

ഒ.എസ്. അംബിക എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.സലിൽ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി. മുരളി, ജില്ലാപഞ്ചായത്ത് അംഗം ജി.ജി. ഗിരികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# വിദ്യാകിരണം മിഷനു നേട്ടം

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ പെർഫോമൻസ് ഗ്രേഡിങ് ഇൻഡക്സ് ഫോർ ഡിസ്ട്രിക്ടിൽ കേരളം മുന്നിൽ എത്തിയത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും വിദ്യാകരണം മിഷന്റെയും വിജയമെന്ന് മന്ത്രി വി. ശിവൻകുട്ടി. രാജ്യത്തെ ഏറ്റവും മുൻനിരയിലുള്ള ജില്ലകളിൽ 14 എണ്ണം കേരളത്തിൽ നിന്നാണെന്നത് പൊതുവിദ്യാഭ്യാസ മേഖലയുടെ മികവിനുള്ള അംഗീകാരമാണ്.




വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ച ഈ നേട്ടം, പഠനനിലവാരം, അധ്യാപകരുടെ അർപ്പണബോധം, ക്ലാസ് മുറികളുടെ വൈവിധ്യം, മികച്ച അടിസ്ഥാന സൗകര്യങ്ങൾ, സ്കൂൾ സുരക്ഷ, ഡിജിറ്റൽ പഠനം എന്നിവ ഉൾപ്പെടെ 12 മേഖലകളിൽ കേരളം പുലർത്തുന്ന മികവിനുള്ള തെളിവാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്മെന്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ ആൻഡ് ലിറ്ററസി 2023-24 വർഷത്തെ ജില്ലാതല ഇൻഡക്സ് തയ്യാറാക്കിയത് ഈ മാനദണ്ഡങ്ങളെല്ലാം പരിഗണിച്ചാണ്. പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കിയ സമഗ്രമായ ഇടപെടലുകളും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കൂട്ടായ പ്രയത്നവുമാണ് ഈ നേട്ടത്തിന് പിന്നിൽ. വരും വർഷങ്ങളിലും ഈ മികവ് നിലനിർത്താനും മുഴുവൻ ജില്ലകളെയും കൂടുതൽ മികവിലേക്ക് കൊണ്ടുവരാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കുട്ടികൾക്ക് ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമെന്നും മന്ത്രി വി. ശിവൻകുട്ടി വ്യക്തമാക്കി.

# കോട്ടയം ജില്ലാതല പരിസ്ഥിതി ദിനാഘോഷം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു

കോട്ടയം ജില്ലയിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഐഎച്ച്ആർഡിയുടെ കീഴിലുള്ള കോളേജ് ഓഫ് എൻജിനീയറിങ് പൂഞ്ഞാറിൽ ഹരിതകേരളം മിഷന്റെ ജില്ലാതല പരിസ്ഥിതി ദിനാഘോഷവും ക്യാമ്പസ് ഓൺ ഇൻവസ്റ്റ്മെന്റ് പ്രോഗ്രാമും 2025 ജൂൺ 5-ന് നടന്നു. മന്ത്രി വി.എൻ. വാസവൻ പരിപാടികൾ ഉദ്ഘാടനം ചെയ്തു. വൃക്ഷവൽക്കരണത്തിന്റെ ഭാഗമായി ഹരിതകേരളം മിഷൻ കൊണ്ടുവന്ന ലോഗോ പതിപ്പിച്ച മാവിൻ തൈ ഐ എച്ച് ആർ ഡി എൻജിനീയറിങ് കോളേജിനു മുൻപിൽ മന്ത്രി നട്ടു. അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ, ഹരിത ക്യാമ്പസ് പ്രഖ്യാപനം നടത്തി. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോഡിനേറ്റർ എസ്.യു. സഞ്ജീവ് പച്ചത്തുരുത്ത് സംബന്ധിച്ച് അവതരണം നടത്തി. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ,



ഹരിതകേരളം മിഷൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഒരു തൈ നടാം

## ജില്ലകളിൽ ആവേശകരമായ തുടക്കം

### പാലക്കാട്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഒരു ലക്ഷം കരിമ്പന തൈകൾ നടുന്ന പ്രത്യേക പരിപാടിയായ 'പനപർവ്വം' ക്യാമ്പയിന്റെ ഉദ്ഘാടനം മന്ത്രി എം.ബി.രാജേഷ്, മന്ത്രി കെ. കൃഷ്ണൻകുട്ടി എന്നിവർ ചേർന്ന് നിർവഹിച്ചു. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ജൂൺ അഞ്ചു മുതൽ സെപ്തംബർ 30 വരെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക, വംശനാശഭീഷണി നേരിടുന്ന കരിമ്പനകളെ തിരിച്ചു കൊണ്ടുവരിക എന്ന ദൗത്യത്തിന്റെയും ഭാഗമായാണ് പനപർവ്വം പദ്ധതി നടപ്പാക്കുന്നത്. പാലക്കാട് വിക്ടോറിയ കോളേജിലെ എൻ.എസ്.എസ്.




യൂണിറ്റ് ശേഖരിച്ച പനവിത്തുകൾ മന്ത്രിമാർക്ക് കൈമാറി. ജില്ലാ പഞ്ചായത്ത് പരിസരത്തും സിവിൽ സ്റ്റേഷൻ പരിസരത്തുമായി ഒരു വർഷം പ്രായമുള്ള കരിമ്പന തൈകൾ മന്ത്രിമാരും, ജില്ലാ കളക്ടറും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും നട്ടുകൊണ്ട് പനപർവ്വം ക്യാമ്പയിനു ജില്ലയിൽ തുടക്കം കുറിച്ചു.

### അവർ നട്ടു ; ഓർമ്മ മരങ്ങൾക്കായി 35 തൈകൾ

കണ്ണൂർ ചട്ടുകപ്പാറയിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ഓർമ മരം നട്ടു. ചട്ടുകപ്പാറ ഹയർ സെക്കൻഡറി സ്കൂളിന് സമീപമുള്ള ആരൂഢം ക്യാമ്പസിലാണ് വൃക്ഷതൈകൾ നട്ട് നെറ്റ് സീറോ കാർബണിന് പിന്തുണ പ്രഖ്യാപിച്ചത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമാകെ ഒരു കോടി വൃക്ഷ തൈകൾ നടാൻ ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.



രത്നകുമാരിയും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യനും ചേർന്നാണ് ആദ്യ തൈ നട്ടത്. മുഴുവൻ ജില്ലാ പഞ്ചായത്ത് അംഗങ്ങളും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ഓർമ്മ മരങ്ങൾ നട്ടു. 35 ഫലവൃക്ഷ തൈകളാണ് ക്യാമ്പസിനകത്ത് നട്ടത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ അധ്യക്ഷത വഹിച്ചു. ഒരു തൈ നടാം ക്യാമ്പയിനിനെ കുറിച്ച് ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ വിശദീകരിച്ചു.

### വയനാട് ജില്ല

കല്ലൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലും കല്ലൂർ പുഴയോരത്തുമായി ഫലവൃക്ഷ തൈ നട്ടു കൊണ്ട് പച്ചതുരുത്ത് വയനാട് ജില്ലാ തല ഉദ്ഘാടനം നൂൽപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷ് നിർവഹിച്ചു. സോഷ്യൽ ഫോറെസ്റ്ററി, പഞ്ചായത്ത് നഴ്സറി, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, എന്നി



വിടങ്ങളിൽ നിന്നും പ്രാദേശികമായുമാണ് പച്ചത്തുരുത്തിലേക്കു ആവശ്യമായ തൈകൾ ശേഖരിച്ചത്.

### കാസർഗോഡ്

ഒരു തൈനടാം ജില്ലാതല ഉദ്ഘാടനം എം.രാജ ഗോപാലൻ എം.എൽ.എ. നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



മുഖ്യാതിഥിയായി. പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു.

### ഇടുക്കി ജില്ല

ജൂൺ 5 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പച്ചത്തുരുത്ത് വ്യാപനത്തിന്റെ ഇടുക്കി ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീർനാകുന്നേൽ നിർവഹിച്ചു. ജില്ലാപഞ്ചായത്തിൽ നിലവിലുള്ള പച്ചത്തുരുത്തിലെ നഷ്ടപ്പെട്ടു പോയ തൈകൾക്കു പകരം തൈ നട്ടുകൊണ്ടാണ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ജീവനക്കാർ, ഹരിതകേരളം മിഷൻ കോർഡിനേറ്റർ ഡോ. അജയ് പി. കൃഷ്ണ, സാക്ഷരത മിഷൻ കോർഡിനേറ്റർ അബ്ദുൽ കരീം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പ്രതിനിധികരിച്ചു എ.ഡി.സി. (ജനറൽ) എന്നിവർ പങ്കെടുത്തു. ക്യാമ്പയിന്റെ ഭാഗം



ആയി MRS സ്കൂളിലെ 350 കുട്ടികൾക്ക് ഹരിതകേരളം മിഷന്റെയും ജില്ലാ ഫോറെസ്റ്റ് ഓഫീസിന്റെയും നേതൃത്വത്തിൽ വൃക്ഷവത്കരണത്തിന്റെയും പച്ചത്തുരുത്ത് വ്യാപനത്തിന്റെയും പ്രാധാന്യം അറിയിക്കുന്നതിനു ബോധവത്കരണം നൽകി.

## തൃശൂർ

ഹരിതകേരളം മിഷൻ ഒരു തൈ നടാം ജനകീയ വൃക്ഷവത്കരണ ക്യാമ്പയിൻ തൃശൂർ ജില്ലാതല ഉദ്ഘാടനവും ലോഗോ പ്രകാശനവും മന്ത്രി കെ. രാജൻ നിർവഹിച്ചു. 365 ദിവസവും



പരിസ്ഥിതിയുടെ സംരക്ഷകരാകേണ്ട ചുമതലയാണ് നമ്മൾ ഏറ്റെടുക്കേണ്ടതെന്ന് മന്ത്രി പറഞ്ഞു. 15 ലക്ഷം വൃക്ഷങ്ങളാണ് ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലാകെ നടാൻ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

വൈലോപ്പിള്ളി ശ്രീധരമേനോൻ സ്മാരക ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ സി. ദിദിക ക്യാമ്പയിൻ സംബന്ധിച്ച അവതരണം നടത്തി.

വിദ്യാലയത്തിലെ അധ്യാപകർ, വിദ്യാർത്ഥികൾ, ഒല്ലൂർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് അധ്യാപകർ, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ, കോർപ്പറേഷൻ ഹരിത കർമസേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## തിരുവനന്തപുരം

ഒരു തൈ നടാം ജനകീയ വൃക്ഷവത്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചത്തുരുത്തുകളിലേക്ക് ആവശ്യമായ തൈകളുടെ കിളിമാനൂർ ബ്ലോക്ക് തല കൈമാറ്റങ്ങളുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി പഴയകുന്നുമ്മൽ ഗവൺമെന്റ് ടൗൺ യുപിഎസ് പ്രഥമ അധ്യാപിക



ബി സുനിതകുമാരി അമ്മയ്ക്ക് നൽകി നിർവഹിച്ചു. ഒഎസ് അംബിക എംഎൽഎ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി മുരളി, പഞ്ചായത്ത് പ്രസിഡന്റ് എൻ. സലീൽ തുടങ്ങിയവർ സംസാരിച്ചു.

## എറണാകുളം

ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ എറണാകുളം ജില്ലാതല ഉദ്ഘാടനം കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് ( KAVIL), കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് നിർവ്വഹിച്ചു. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഫിഷറീസ്



ജോയിന്റ് ഡയറക്ടറും KAVIL എം.ഡി.യുമായ മഹേഷ് എസ്, GAIL ജനറൽ മാനേജർ എം വിജു, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.ആർ. രാമചന്ദ്രൻ, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സബിത നാസർ, ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മനാഫ് പി.എം., വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുറാണി ജോസഫ്, വൈസ് പ്രസിഡന്റ് ആർ. രാജലക്ഷ്മി, പ്രൊജക്ട് ഡയറക്ടർ MGNREGS പി.എച്ച്. ഷൈൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., ഹരിതകേരളം മിഷൻ ആർ.പി.മാർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേനാംഗങ്ങൾ, ജനപ്രതിനിധികൾ, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ആലപ്പുഴ

പരിസ്ഥിതി ദിനത്തിൽ ആരംഭിച്ച് സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഒരു കോടി വൃക്ഷതൈകൾ നട്ട് പരിപാലിക്കു



ന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ വൃക്ഷവത്കരണ പരിപാടിയായ 'ഒരു തൈ നടാം' ജനകീയ ക്യാമ്പയിന് ആലപ്പുഴ ജില്ലയിൽ തുടക്കമായി. ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കോമളപുരം സ്പിന്നിംഗ് മിൽ വളപ്പിൽ വൃക്ഷത്തൈകൾ നട്ട് പച്ചത്തുരുത്ത് സ്ഥാപിച്ച് കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു. ജില്ലയിൽ 149 സെന്റ് സ്ഥലത്തായി 17 പച്ചത്തുരുത്തുകളാണ് പുതിയതായി സ്ഥാപിച്ചത്. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.വി. അജിത്ത് കുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ.എസ്. രാജേഷ്, കോമളപുരം



സ്പിന്നിംഗ് & വീവിംഗ് മിൽസ് ജനറൽ മാനേജർ ഹോബി വി.ആർ., അസിസ്റ്റന്റ് ജനറൽ മാനേജർ അനോഫ് കുമാർ തുടങ്ങിയവർ സംസാരിച്ചു. തൊഴിലുറപ്പ് വിഭാഗം ജീവനക്കാരും തൊഴിലാളികളും പരിപാടിയിൽ പങ്കെടുത്തു.

## മലപ്പുറം

മലപ്പുറം ജില്ലയിൽ പത്ത് ലക്ഷം മരങ്ങൾ നടുന്ന പദ്ധതിക്ക് ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് തുടക്കമായി. ഹരിതകേരളം മിഷന്റെ 'ഒരു തൈ നടാം' പദ്ധതിയുടെ ഉദ്ഘാടനം ഡെപ്യൂട്ടി കളക്ടർ റോസ്ന ഹൈദ്രോസ് മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ നിർവഹിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഗവ. വനിതാ കോളേജ് NSS യൂണിറ്റിന്റെയും MSP സ്കൂൾ എസ് പി സി വിദ്യാർത്ഥികളുടെയും ജീവനക്കാരുടേയും പങ്കാളിത്തത്തോടെ സിവിൽ സ്റ്റേഷൻ പരിസരത്ത് ശുചീകരണം നടത്തി വൃക്ഷതൈകൾ നട്ടു. 500 പച്ചത്തുരുത്തുകൾ സ്ഥാപി ക്കുകയാണ് ഈ വർഷത്തെ ലക്ഷ്യം. സർവീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരും അഞ്ച് വർഷം പൂർത്തിയാക്കാൻ പോവുന്ന



ജനപ്രതിനിധികളും ഓർമ്മമരങ്ങൾ നടും. ചങ്ങാതിക്കൊരു തൈ പദ്ധതിക്ക് വിദ്യാർത്ഥികളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്. സ്കൂൾ, കോളേജ് വിദ്യാർഥികളുടെ ഇടയിൽ എൻഎസ്എസ്, സ്റ്റുഡന്റ് പോലീസ് എന്നിവരുടെയും സർക്കാർ ജീവനക്കാരുടെയും, യുവജന സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് ഹരിതകേരളം മിഷൻ ജില്ലയിൽ വൃക്ഷത്തൈകൾ നടുന്നത്. സോഷ്യൽ ഫോറസ്ട്രി വകുപ്പും തൊഴിലുറപ്പ് തൊഴിലാളികളും തയ്യാറാക്കിയ തൈകളും, സന്നദ്ധ സംഘടനകളുടെ സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്ന തൈകളുമാണ് വിതരണം ചെയ്യുന്നതും, നട്ട് പരിപാലിക്കുന്നതും.

## കോഴിക്കോട്

ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് വ്യാപനത്തിന്റെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം വേളം ഗ്രാമപഞ്ചായത്തിലെ ഉത്തായി മണപ്പുറത്ത് നടന്നു. കെ.പി കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ എം.എൽ.എ. നിർവഹിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജാ ശശി മുഖ്യാതിഥിയായി. ഉത്തായി



മണപ്പുറത്തെ ഒരു ഏക്കർ സ്ഥലത്ത് പച്ചത്തുരുത്ത് സ്ഥാപിച്ചുകൊണ്ടാണ് ഉദ്ഘാടന കർമം നിർവഹിച്ചത്. യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി ചന്ദ്രി, ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. സുരേന്ദ്രൻ മാസ്റ്റർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ് തുടങ്ങിയവർ സംസാരിച്ചു. കോഴിക്കോട് ബോട്ടാണിക്കൽ ഗാർഡനിൽ നിന്ന് തീരസംരക്ഷണത്തിന് അനുയോജ്യമായ തൈകൾ നട്ടുകൊണ്ടാണ് പച്ചത്തുരുത്ത് സ്ഥാപിച്ചത്.

## ഒരു തൈ നടാം ക്യാമ്പയിനായ് വൃക്ഷത്തൈ ശേഖരണം

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി കരവാരം ഗ്രാമപഞ്ചായത്തിൽ 2024-25 വാർഷിക പദ്ധതിയിൽ എട്ടു മുതൽ 15 വരെയുള്ള വാർഡുകളിൽ അർബൻ അക്ലോമറേഷൻ ഫണ്ട് വഴി ലഭ്യമായ 4500 ബിന്നുകളുടെ



വിതരണ ഉദ്ഘാടനവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഒരു തൈ നടാം ഒരുകോടി വൃക്ഷവൽക്കരണത്തിന്റെ തൈകളുടെ ശേഖരണ ഉദ്ഘാടനവും മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി. മുരളി അധ്യക്ഷത വഹിച്ചു. കരവാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജീർ രാജകുമാരി സ്വാഗതം പറഞ്ഞ ചടങ്ങിൽ ജനപ്രതിനിധികൾ ആശംസകളും പഞ്ചായത്ത് സെക്രട്ടറി എഡ്വിൻ ബെഞ്ചമിൻ നന്ദിയും രേഖപ്പെടുത്തി.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിനും ജില്ലാതല പരിസ്ഥിതി ദിനാചരണവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിച്ചു. വൃക്ഷവൽക്കരണ ക്യാമ്പയിൻ ലോഗോയുടെ, വീഡിയോ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. കത്തോലിക്കേറ്റ് &എം.ഡി സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പരിസ്ഥിതിദിന സന്ദേശം നൽകി. ജില്ലാ പഞ്ചായത്ത് മെമ്പർ റോബിൻ പീറ്റർ, ബ്ലോക്ക്



പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ലാലി ജോൺ, ഗ്രാമപഞ്ചായത്ത് മെമ്പർ മോനി ബാബു, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ, പ്രിൻസിപ്പാൾ ഡോ.മാത്യു പി. ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

# നീർധാര പദ്ധതിക്ക് പാലക്കാട് ജില്ലയിൽ തുടക്കമായി

പാലക്കാട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജില്ലയുടെ പ്രത്യേക ജലസംരക്ഷണ പരിപാടിയായ നീർധാര പദ്ധതിയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും എം. ബി. രാജേഷ് നിർവഹിച്ചു. ജലസംരക്ഷണ




യജ്ഞത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് സുപ്രധാനമാണെന്നും, സമൂഹത്തിന്റെയാകെ പങ്കാളിത്തം ഇതിൽ ഉറപ്പുവരുത്താൻ കഴിയണമെന്നും മന്ത്രി പറഞ്ഞു. തൃത്താല മണ്ഡലത്തിൽ നടപ്പാക്കിയ ജലസംരക്ഷണ പദ്ധതിയുടെ മാതൃകയിലാണ് ജില്ലയിൽ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. തൃത്താലയിൽ ജലക്ഷാമം സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കാൻ സാധിച്ചു. മഴവെള്ളം ഭൂമിയിൽ സംഭരിക്കാൻ സാധിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള സൗകര്യമാണ് ചെയ്തതെന്നും മന്ത്രി പറഞ്ഞു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 19 തടയണകൾ നിർമിക്കാൻ സാധിച്ചെന്നും ഈ ജലം ഉപയോഗിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രിസിഷൻ ഫാമിംഗ് നടക്കുന്നത് ഇവിടെയാണെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ഹരിതകേരളം മിഷൻ തയ്യാറാക്കിയ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർ ആൽഫ എസ്.എസ്. കെ..എ.എസ്., സ്വാഗതം പറഞ്ഞു. പാലക്കാട് ജില്ലാ കളക്ടർ പ്രിയങ്ക ജി. ഐ.എ.എസ്. ജില്ലയുടെ ജലസംരക്ഷണ പദ്ധതിയുടെ അവതരണം നടത്തി. നവകേരളം കർമപദ്ധതി പാലക്കാട് ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി സുസ്ഥിര തൃത്താല മാതൃക പ്രവർത്തനങ്ങളുടെ അവതരണം നടത്തി. ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഗവ വിക്ടോറിയ കോളേജിലെ എൻഎസ്എസ് വളണ്ടിയർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഒരു തൈനടാം - കോഴിക്കോട് ജില്ലയിൽ ഒരു മാസത്തിൽ നട്ടത് 240353 തൈകൾ

ഒരു തൈനടാം ക്യാമ്പയിൻ കോഴിക്കോട് ജില്ലയിൽ ആദ്യമാസം പിന്നിടുമ്പോൾ 240353 തൈകൾ നട്ടു. ജില്ലയിൽ വിവിധ വിഭാഗങ്ങളെ അണിനിരത്തി ക്യാമ്പയിൻ സജീവമായി പുരോഗമിക്കുകയാണ്. 223252 പേർ ഇത് വരെ ക്യാമ്പയിന്റെ ഭാഗമായി തൈ നട്ടുകൊണ്ട് പങ്കാളികളായി. റസിഡൻസ് അസോസിയേഷനുകൾ, ലൈബ്രറികൾ, വിദ്യാലയങ്ങൾ,



സ്കൂളുകൾ, കുടുംബശ്രീ, യുവജന സംഘടനകൾ തുടങ്ങി എല്ലാ വിഭാഗങ്ങളെയും ഒരുകുടക്കീഴിലാക്കി അണിനിരത്തിയപ്പോഴാണ് ഒരു മാസം കൊണ്ട് കോഴിക്കോട് ജില്ലയ്ക്ക് ഈ നേട്ടം കൈവരിക്കാനായത്. 514100 തൈകളാണ് ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി നടാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 307041 തൈകൾ ജനകീയമായി ഏർപ്പാടാക്കി. 209056 തൈകൾ ജനകീയമായി ശേഖരിക്കുകയും 86826 തൈകൾ മറ്റ് ഏജൻസികൾ വഴി ശേഖരിക്കാനും കഴിഞ്ഞിട്ടുണ്ട്. 1098 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൈകൾ കൈമാറ്റം നടന്നു. ഓഗസ്റ്റ് 3ന് സൗഹൃദദിനത്തിൽ ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചങ്ങാതിക്കൊരു തൈ ക്യാമ്പയിനിലൂടെ തൈകൾ കൈമാറാൻ ഒരുങ്ങുകയാണ് കോഴിക്കോട്.

# വരൂ തണലൊരുക്കാം : നെറ്റ് സീറോ കാർബൺ ശില്പശാല സംഘടിപ്പിച്ചു

കാലാവസ്ഥ വ്യതിയാനവും അതിന്റെ ഭാഗമായി ഉണ്ടാവുന്ന പ്രത്യാഘാതങ്ങളെകുറിച്ചും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കുട്ടികളെ ബോധവാൻമാരാക്കുന്നതിന്റെ ഭാഗമായിട്ടാണ് ശില്പശാല സംഘടിപ്പിച്ചത്. കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ പ്രയാങ്കോട്ടം പച്ചത്തുരുത്തിലായിരുന്നു ശില്പശാല. കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.രതി ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് എം. ഗണേശൻ അധ്യക്ഷത വഹിച്ചു. വിവിധ വിദ്യാലയങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 25 കുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു. ജൈവ വൈവിധ്യ ഗവേഷകൻ വി.സി. ബാലകൃഷ്ണൻ, നെറ്റ് സീറോ കാർബൺ കോർ ഗ്രൂപ്പ് അംഗം ലക്ഷ്മണൻ മാസ്റ്റർ, ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺ ശോഭ ടി. എന്നിവർ ക്ലാസ്സുകൾ എടുത്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.





സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മരിയാപുരം, കാമാക്ഷി, കഞ്ഞിക്കുഴി, ഉടുമ്പന്നൂർ എന്നീ പഞ്ചായത്തുകളിൽ നടന്ന നീർച്ചാൽ മാപത്തോൺ പ്രവർത്തനങ്ങൾ

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246